**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 123** **09-12-2022 - ൽ മറുപടിയ്ക്ക്**

**വായ്പാ തിരിച്ചടവ് മുടങ്ങിയ കർഷകരെ സഹായിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക വായ്പ എടുത്ത കർഷകരിൽ ഭൂരിഭാഗവും കടക്കെണിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ 2022-23 സാമ്പത്തിക വർഷത്തിലെ ജൂൺ 30-ന അവസാനിച്ച ഒന്നാം പാദത്തിലെ കണക്കു പ്രകാരം കാർഷിക മേഖലയിലെ വാർഷിക നിഷ്ക്രിയ ആസ്തി വെറും 4.2 ശതമാനം മാത്രമാണ്. കർഷകരുടെ വായ്പ തിരിച്ചടവു കൃത്യമാണ് എന്നുള്ളതാണ് ഇത് സൂചിപ്പിക്കുന്നത്. അതിനാൽ തന്നെ കാർഷിക വായ്പ എടുത്ത കർഷകരിൽ ഭൂരിഭാഗവും കടക്കെണിയിലാണെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. |
| (ബി) | വന്യ മൃഗങ്ങളുടെ ശല്യം മൂലമുള്ള കൃഷിനാശത്തെ തുടർന്ന് വായ്പാ തിരിച്ചടവ് മുടങ്ങുന്ന കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കാമോ; | (ബി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങൾ ആയിട്ടുള്ള കർഷകർക്ക് വന്യജീവി ആക്രമണം മൂലം കൃഷിനാശം ഉണ്ടായാൽ നിശ്ചിത നിരക്കുകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി നഷ്ടപരിഹാരം നൽകുന്നതാണ്. കൂടാതെ വനം വന്യജീവി വകുപ്പിൽ നിന്നുള്ള നഷ്ടപരിഹാരത്തിനും കർഷകർ അർഹരാണ്. വായ്പക്കാരുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ വായ്പകൾ പുതുക്കി നൽകുകയും നിയമപരമായ ഇളവുകൾ സഹകരണ ബാങ്കുകൾ അനുവദിക്കുകയും ചെയ്തുവരുന്നുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ അർഹമായ അപേക്ഷകൾക്ക് പലിശയിലും മുതലിലും ഇളവ് നൽകുന്നതിനും സഹകരണ രജിസ്ട്രാർ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കാർഷിക കടവുമായി ബന്ധപ്പെട്ട പലിശ എഴുതി തള്ളാനും കാർഷിക വിഭവങ്ങൾക്ക് മതിയായ താങ്ങുവില വർദ്ധിപ്പിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ പലിശ പൂർണ്ണമായി ഒഴിവാക്കി പലിശ |

| | | | |
|---|---|---|---|
| | | | രഹിത വായ്പയായി മാറ്റുന്നതിന് സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര വിഹിതത്തിൽ "ഉത്തേജന പലിശയിളവ്" നടപ്പിലാക്കി വരുന്നു.<br><br>കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് (വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31.08.2020 വരെ എടുത്ത വായ്പകൾക്കും മറ്റ് ജില്ലകളിലെ കർഷകർ 31.03.2016 വരെ എടുത്ത വായ്പകൾക്കും) നിശ്ചിത നിബന്ധനകൾക്ക് വിധേയമായി പരമാവധി രണ്ട് ലക്ഷം രൂപ വരെ സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം അനുവദിക്കുന്നുണ്ട്.<br><br>സംസ്ഥാനത്ത് കൃഷി ചെയ്യുന്ന 16 വിളകൾക്ക് 2020 നവംബർ ഒന്ന് മുതൽ "**കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി**" പ്രകാരം അടിസ്ഥാന വില നിശ്ചയിച്ചിട്ടുണ്ട്. അഞ്ച് ഇനങ്ങൾക്ക് കൂടി അടിസ്ഥാന വില നിശ്ചയിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. പച്ചത്തേങ്ങ കിലോയ്ക്ക് 32 രൂപ നിരക്കിലും, നെല്ല് കിലോയ്ക്ക് 28.20 രൂപ നിരക്കിലുമാണ് സംഭരിക്കുന്നത്. വയനാട് കാപ്പിയ്ക്ക് വില കുറഞ്ഞപ്പോൾ കർഷകരെ സഹായിക്കാൻ വയനാട് പ്രത്യേക പദ്ധതി പ്രകാരം മാർക്കറ്റ് വിലയേക്കാൾ 10 രൂപ കിലോയ്ക്ക് അധികം നൽകി കാപ്പി സംഭരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ